**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5100** **14-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ നിലവിലെ ഓണറേറിയം എത്രയാണ്; ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | **11.02.2021-ലെ സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിൻഡ് സ്പെഷ്യൽ ടീച്ചറിന്റെ ഓണറേറിയം 32,560/- രൂപയും ഹെഡ് മാസ്റ്ററുടെ ഓണറേറിയം 36,000/-രൂപയുമാണ്. സ്പെഷ്യൽ സ്കൂളിലെ 4 മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ് ഇവരുടെ ചുമതല.** |
| (ബി) | സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 15.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 115/2015/പൊ.വി.വ ഉത്തരവ് പ്രകാരം<br><br>**1) Headmaster**<br><br>1. Degree in Arts/Science/Commerce- recognized by any one of the University in Kerala<br><br>and<br><br>2. B.Ed (Special Education MR) recognized by any of the Universities in Kerala.<br><br>Or<br><br>3. B.Ed (General) recognized by any of the Universities in Kerala and Diploma in Education in Special Education (MR)/Diploma in Mental<br><br>Retardation/ Post graduation Professional Diploma in MR<br><br>and<br><br>4. 5 years experience in teaching in Mentally challenged children. |

| | | | |
|---|---|---|---|
| | | | **<u>2) Special Teacher</u>**<br><br>1. Degree in Arts/Science / Commerce<br><br>and<br><br>2. B.Ed Special Education (MR) / Diploma in Special Education (MR)/ Diploma in Mental Retardation / D.Ed. (Autism Spectrum Disorder/ D.Ed (Cerebral Palsy) / D.Ed Multiple Disability / P.G Professional Diploma in MR / Diploma in Community Based Rehabilitation (1 year course) with 3 month in service course/ Bridge Course and 10 years experience in teaching mentally challenged children and 3 months in service course.<br><br>25.08.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 229/2015/പൊ.വി.വ ഉത്തരവ് ഖണ്ഡിക (3) III സ്പെഷ്യൽ സ്കൂൾ ടീച്ചർമാരുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ തുടരുന്നതും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ) യോഗ്യതയും അടിസ്ഥാന യോഗ്യതയിൽ പരിഗണിക്കുന്നതാണ്. 15.05.2015-ലെ 115/2015/ പൊ.വി.വ ഉത്തരവ് തീയതിക്ക് മുൻപ് സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആർട്സ്/ സയൻസ്/ കോമേഴ്സ് വിഷയങ്ങളിലെ ബിരുദം എന്നതിനു പകരം എസ്.എസ്.എൽ.സി.യോ പ്ലസ് ടു-വോ മതിയാകുന്നതാണ്. |
| (സി) | ഓണറേറിയം വർദ്ധപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ 11.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന പ്രകാരമാണ് ഹോണറേറിയം നല്കി വരുന്നത്. ആയത് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ